പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7007 — 13/07/2012-ൽ മറുപടിക്ക്

## കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കിടപ്പാടം

ചോദ്യം — മറുപടി

ശ്രീ.സി.കൃഷ്ണൻ : — കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്കാണ് നാളിതുവരെ വീട് ലഭ്യമാക്കിയിട്ടുള്ളതെന്നും ഇനിയും എത്ര കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കാനുണ്ടെന്നും മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ; | എ) | കണ്ണൂർ ജില്ലയിൽ വകുപ്പ് മുഖേന 2001-02 വർഷം മുതൽ നാളിതുവരെ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 422 വീടുകളും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 1076 വീടുകളും ഉൾപ്പെടെ 1498 വീടുകൾ അനുവദിച്ചിട്ടുണ്ട്.<br><br>മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| നിയമസഭാ മണ്ഡലം | അനുവദിച്ച വീടുകൾ |
|---|---|
| പേരാവൂർ | 1060 |
| മട്ടന്നൂർ | 170 |
| തളിപ്പറമ്പ് | 128 |
| ഇരിക്കൂർ | 28 |
| കൂത്തുപറമ്പ് | 112 |

ഇനിയും വീട് ലഭ്യമാക്കാനുള്ള കുടുംബങ്ങളുടെ മണ്ഡലം തിരിച്ചുള്ള എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

| | | | |
|---|---|---|---|
| ബി) | വീട് ഇല്ലാത്തവർക്ക് വീട് ലഭ്യമാക്കാൻ എന്തെങ്കിലും . നടപടികൾ സ്വീകരിച്ചി-ട്ടുണ്ടോ എന്ന് വിശദമാക്കാമോ? | ബി) | ഭവനരഹിതരും വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിയുന്നവരുമായ എല്ലാ പട്ടികവർഗ്ഗക്കാർക്കും വാസയോഗ്യ മായ വീട് നിർമ്മിച്ച് നൽകുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ഫണ്ട്, പൂൾഡ്-കോർപ്പസ് ഫണ്ട്, അടിയ-പണിയ പ്രാക്തന ഗോത്രവർഗ്ഗ-ക്കാർക്കുള്ള പ്രത്യേക പാക്കേജ് പദ്ധതി, പട്ടിക ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം, ആദിവാസി പുനരധിവാസ വികസന പദ്ധതി എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയ്ക്കനു-സരിച്ച് ഊരുകൂട്ടതീരുമാന പ്രകാരം ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ